# ഗവ: എൽ.പി. എസ്   ഏരൂർ

## അക്കാദമിക മാസ്റ്റർ പ്ലാൻ - 2025 -26

# അക്കാദമിക മാസ്റ്റർ പ്ളാൻ

## ആമുഖം

മറ്റെല്ലാ മേഖലയിയിലുമെന്നപോലെ വിദ്യാഭ്യാസവും കോവിഡിന് മുൻപും ശേഷവും എന്ന് രണ്ടായി തിരിഞ്ഞിട്ടുണ്ട് . ചില മേഖലകളിൽ മാറ്റങ്ങൾ വ്യക്തമാണെങ്കിൽ മറ്റു ചിലയിടങ്ങളിൽ അത് അത്ര വ്യക്തമല്ല . കോവിഡാനന്തര അപ്രാപ്യതകളെയൊയൊക്കെ കുടഞ്ഞെറിഞ്ഞ് പ്രൈമറി തലം പഴയ രീതിയിൽ കരുത്താർജ്ജിക്കാൻ ശ്രമിക്കുമ്പോഴാണ് വീണ്ടും പുതിയ ഒരു അധ്യായന മാസ്റ്റർ പ്ളാനിനെ കുറിച്ച് നാം ചിന്തിക്കുന്നത് . വിദ്യാഭ്യാസം മറ്റ് തൊഴിലുകൾ പോലെയല്ല . ക്ളാസ്സ് മുറികളിൽ നടക്കുന്നത് ഒരു സാമൂഹ്യ നിർമ്മാണ പ്രക്രീയയാണ് . കുട്ടിയെ ഒരു വ്യക്തിയായി രൂപപ്പെടുത്തുന്നതിനും സമൂഹത്തിൽ ശരിയാംവിധം ഇടപഴകിക്കുന്നതിനുമുള്ള ബോധങ്ങളും ബോധ്യങ്ങളും വിദ്യാലയം നൽകേണ്ടതുണ്ട് .

സൗജന്യവും ഗുണവത്തുമായ സമഗ്ര ഗുണമേൻമാ വിദ്യാഭ്യാസം ഓരോ കുട്ടിയുടെയും അവകാശമാണ് .

**പൊതു ലക്ഷ്യങ്ങൾ**

- ‘ഓരോ കുട്ടിയും ഒന്നാമനാണ് ’ എന്ന ലക്ഷ്യത്തെ മുൻനിർത്തി കുട്ടികൾക്ക് വേണ്ട പ്രോത്സാഹനവും പരിശീലനവും നൽകുക .
- അടിസ്ഥാന ശേഷി നേടിയാണ് ഉയർന്ന തലത്തിലേക്ക് പോകുന്നത് എന്ന് ഉറപ്പുവരുത്തുക .
- ‘വിദ്യാലയം ഒരു പാഠപുസ്തകം’ എന്ന ആശയം എന് ആശയത്തെ മുൻനിർത്തി വിദ്യാലയ പരിസരത്തെ അറിവ് നിർമ്മാണ ഇടങ്ങളായി മാറ്റുക .
- മാലിന്യ മുക്തം – ഹരിതവിദ്യലയമാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ തുടരുക .
- ഇക്കോ ക്ളബിന്റെ നേതൃത്വത്തിൽ കൃഷി, ഉദ്യാനം എന്നിവ മികച്ച രീതിയിൽ കൊണ്ടു പോകുക
- സമൂഹം നേരിടുന്ന വിപത്തായ ലഹരിക്കെതിരേ മുൻകരുതൽ എടുക്കുക , ബോധവൽക്കരണം നടത്തുക .
- സുരക്ഷിതരായി സ്കൂളിലെത്താനും , തിരികെ പോകാനും സഹായകമാം വിധം കുട്ടികൾക്ക് സ്കൂൾ സുരക്ഷ ഒരുക്കുക.

## അടിസ്ഥാന വിവരങ്ങൾ

**സ്കൂളിന്റെ പേര് ഗവ: എൽ.പി .എസ് ഏരൂർ**

**മേൽവിലാസം : ഏരൂർ , അഞ്ചൽ , കൊല്ലം പിൻ. 691312**

**ഫോൺ: 9495433696**

**സ്കൂൾ കോഡ്:40326**

**വിദ്യാഭ്യാസ ജില്ല : പുനലൂർ**

**വിദ്യാഭ്യാസ ഉപജില്ല: അഞ്ചൽ**

**റവന്യൂ ജില്ല:കൊല്ലം**

**ബി.ആർ.സി : അഞ്ചൽ**

**സി.ആർ.സി :അഞ്ചൽ**

**ഗ്രാമപ്പഞ്ചായത്ത് : ഏരൂർ**

**ബ്ളോക്ക് പഞ്ചായത്ത് :അഞ്ചൽ**

**വില്ലേജ് : ഏരൂർ**

**വാർഡ് : 14**

**ഇ–മെയിൽ : yeroorlps@gmail.com**

**Face book : GLPS YEROOR**

## അക്കാദമിക ഭൗതിക നേട്ടങ്ങൾ – പരിമിതികൾ

### അക്കാദമിക ഭൗതിക നേട്ടങ്ങൾ

ഇൻടറാക്ടീവ് പാനൽ ബോർഡോടുകൂടിയ അഞ്ച് ക്ളാസ്സ് മുറികൾ ഉണ്ട്

പ്രീ പ്രൈമറി തലത്തിൽ വർണ്ണക്കൂടാരം പദ്ധതിയിലൂടെ മികച്ച ശിശു സൗഹൃദ ക്ളാസ്സ് മുറികളും പാർക്കും ഉണ്ട്.

കുട്ടികളിൽ വായനാ ശീലം വളർത്തുവാൻ സഹായകമായ ലൈബ്രറിയുണ്ട് .

വിവര സാങ്കേതിക വിദ്യയ്ക്ക് സഹായകമായ മൂന്ന് പ്രോജക്ടറുകളും 10 ലാപ് ടോപ്പുകളും കൈറ്റിൽ നിന്ന് ലഭ്യമായിട്ടുണ്ട് .

ഇതിന്റെ സഹായത്താൽ എല്ലാ കുട്ടികൾക്കും ഐ.ടി പഠനം സുഗമമായി നടന്നു പോകുന്നു .

കുട്ടികളുടെ അക്കാദമിക നിലവാരം സമൂഹത്തിലേക്കെത്തുന്ന ഒരു പ്രധാന മേഖലയാണ് LSS റിസൾട്ട് .എല്ലാ വർഷവും മികച്ച വിജയശതമാനം വരുന്ന സബ് ജില്ലയിലെ ഒന്നാമത്തെ ഗവൺമെന്റ് സ്കൂളാണിത് .

കലാ , കായിക , പ്രവർത്തിപരിചയ മേഖലകളിൽ ചിട്ടയായ പരിശീലനം ലഭ്യമാക്കി മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കുന്നു .

പാഠ്യേതര പ്രവർത്തനങ്ങൾ , ദിനാചരണങ്ങൾ െന്നിവ മികവുറ്റ രീതിയിൽ നടപ്പിലാക്കുന്നു .

പഠന പിൻതുണ വേണ്ടവർക്ക് പിൻതുണാപ്രവർത്തനങ്ങൾ നൽകി മുന്നോട്ട് കൊണ്ടുവരാൻ വേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപകരുണ്ട് .

### പരിമിതികൾ

ഇൻടറാക്ടീവ് പാനൽ ബോർഡുകൾ മറ്റ് ക്ളാസ്സ് മുറികളിൽ കൂടി സ്ഥാപിക്കേണ്ടതുണ്ട് .

കുട്ടികൾക്ക് ഭക്ഷണം കഴിക്കുന്നതിന് ഒരു ഡൈനിംഗ് റൂമിന്റെയും ഉപകരണങ്ങളുടെയും ആവശ്യമുണ്ട് .

രണ്ട് സ്കൂൾ കെട്ടിടങ്ങളും പഴക്കം ചെന്നതും അപകടാവസ്ഥയിലുള്ളതുമാണ് .

പ്രീ പ്രൈമറി കുട്ടികൾക്ക് കളി ഉപകരണങ്ങളുടെ അപര്യാപ്തതയുണ്ട് .

പിൻതുണാ പ്രവർത്തനങ്ങളിലൂടെ കടന്നുപോകുമ്പോഴും 10% കുട്ടികളെങ്കിലും ഇപ്പോഴും പിന്നോക്കം നിൽക്കുന്നവരായിട്ടുണ്ട് . അവരെയും മുന്നോട്ടു കൊണ്ടുവരേണ്ടതായിട്ടുണ്ട് .

# പ്രവർത്തന പദ്ധതികൾ
## മലയാളം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1.ചങ്ങാതിയാംപുസ്തകം ഉപമേഖല വായന | വായന പരിപോഷണം | പുസ്തകങ്ങൾ ക്ലാസ്സ് ലൈബ്രറിയിൽ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നതിനായി പ്രദർശിപ്പിക്കുന്നു. | ആഴ്ച്ചയിൽ ഒരു ദിവസം 2 പുസ്തകം | ക്ലാസ്സ് ടീച്ചർ | പി.റ്റി.എ |
| 2. എന്റെ പിറന്നാൾ പുസ്തകം ഉപമേഖല വായന | മികച്ച വായനശീലം വളർത്തുക | ക്ലാസ്സ്ലൈബ്രറിയിലേക്ക് പിറന്നാൾ പുസ്തകപരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു . | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |
| 3. ഉച്ചഭാഷിണി വായന ഉപമേഖല വായന | അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു . | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം രണ്ട് കുട്ടികളുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | |
| 4. വായന കോർണർ റീഡേഴ്സ് തീയേറ്റർ ഉപമേഖല :വായന വളർത്തൽ | വായനാ താത്പര്യവും അഭിനയവും വഴി വ്യക്തിത്വ വികസനമാണ് പ്രധാന ലക്ഷ്യം | ഒഴിവ് സമയങ്ങളിൽ വായിക്കാൻ ക്ലാസ്സ് മുറികളിൽ വായന മൂല ഒരുക്കുന്നു . ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ റീഡേഴ്സ് തീയേറ്ററിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു . | ജൂൺ മുതൽ മാർച്ച് വരെ എല്ലാ ദിവസവും | ക്ലാസ്സ് ടീച്ചർ | 2000 |
| 5.സ്കൂൾ ലൈബ്രറി മേഖല : വായന | മികച്ച വായനാ ശീലം വളർത്തുക | ലൈബ്രറി സജ്ജമാക്കൽ , ലൈബ്രേറിയനെ നിയമിക്കൽ | ജൂൺ മുതൽ മാർച്ച് വരെ | പി.റ്റി.എ പ്രാദേശിക ക്ലബ്ബുകൾ | 5000 |
| 6. ഭാഷോത്സവം ഉപമേഖല വായന | വായനാ പരിപോഷണം സർഗ്ഗ ശേഷികൾ സമൂഹത്തിന് മുൻപിൽ അവതരിപ്പിക്കുന്നു. | ഭാഷോത്സവം എസ്.ആർ.ജിയിൽ പ്ളാൻ ചെയ്യുന്നു . മികവുകൾ ലിസ്റ്റ് ചെയ്യുന്നു.വായിച്ച കഥയിൽ നിന്ന് സംഭാഷണം ഒരുക്കുന്നു .വായിച്ച കഥാരംഗങ്ങൾക്ക് രംഗാവിഷ്കാരം ഒരുക്കൽ . | ആഗസ്റ്റ് മുതൽ മാർച്ച് വരെ | SRG PTA | 2000 |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 7.എന്റെ വായന കുറിപ്പുകൾ ഉപമേഖല ലേഖനം | എല്ലാ കുട്ടികലെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | വായിച്ച പുസ്തകങ്ങളെകക്കുറിച്ച് വാർത്താക്കുറിപ്പ് തയ്യാറാക്കൽ ( 3 , 4 ) ക്ളാസ്സ് 1,2 ക്ളാസ്സുകളിൽ വായനാ കാർഡ് നൽകി കുറിപ്പ് തയ്യാറാക്കുന്നു . | ജൂൺ മുതൽ മാർച്ച് വരെ | ലൈബ്രേറിയൻ ക്ളാസ്സ് ടീച്ചർ | 3000 |
| 8. സംയുക്ത ഡയറി ഉപമേഖല ലേഖനം | സ്വതന്ത്രമായ സർഗ്ഗാത്മക രചനകളിൽ ഏർപ്പെടുവാൻ പ്രാപ്തരാക്കുക | നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ ഡയറി ആക്കുന്നു. സർഗ്ഗാത്മക ഡയറി എഴുതുന്നു . (1,2 ക്ളാസ്സുകൾ) | ജൂൺ മുതൽ മാർച്ച് വരെ | ക്ളാസ്സ് ടീച്ചർ രക്ഷിതാവ് | |
| 9. രചനോത്സവം ഉപമേഖല ലേഖനം | ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള പ്രാപ്തി നേടുക | എഴുത്തും കുത്തും രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ ലഘു പതിപ്പുകൾ തയാറാക്കൽ , കഥ,കവിത,രചനകൾക്കുള്ള വേദിയൊരുക്കൽ രചനാ ശിൽപ്പശാല | ആഗസ്റ്റ് മുതൽ മാർച്ച് വരെ | ഭാഷാ ക്ളബ് വിദ്യാ രംഗം കലാ സാഹിത്യ വേദി | 2000 |
| 10. പാട്ടരങ്ങ് ഉപമേഖല ഭാഷാ സമൃദ്ധി | ഈണം , ഭാവം, താളം, ശബ്ദപ്രയോഗം തുടങ്ങിയ വൈവിദ്ധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക | കുട്ടികൾ ആസ്വദിക്കുന്ന കുട്ടിപ്പാട്ടുകൾ,കവിതകൾ എന്നിവ കണ്ടെത്തി പഠിക്കുന്നു .<br>ശിൽപശാല നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | വിദ്യാ രംഗം കലാ സാഹിത്യ വേദി ക്ളാസ്സ് ടീച്ചർ | 4000 |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 11.അരങ്ങത്തേക്ക് ഉപമേഖല അവതരണശേഷി വികസനം | വേദികളിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ സഹായിക്കുക | കുട്ടികൾ സ്വായത്തമാക്കിയ പഠനലക്ഷ്യങ്ങൾ വ്യവഹാരരൂപങ്ങളെ ആസ്പദമാക്കി അവതരിപ്പിക്കുവാനും പ്രകടിപ്പിക്കുവാനുമുള്ള അരങ്ങ് ഒരുക്കുന്നു . | ആഗസ്റ്റ് മുതൽ മാർച്ച് വരെ | പി.റ്റി.എ ഭാഷാ ക്ളബ് | 5000 |
| 8. സംയുക്ത ഡയറി ഉപമേഖല ലേഖനം | സ്വതന്ത്രമായ സർഗ്ഗാത്മക രചനകളിൽ ഏർപ്പെടുവാൻ പ്രാപ്തരാക്കുക | | ജൂൺ മുതൽ മാർച്ച് വരെ | ക്ളാസ്സ് ടീച്ചർ രക്ഷിതാവ് | |
| 9. രചനോത്സവം ഉപമേഖല ലേഖനം | ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള പ്രാപ്തി നേടുക | നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ ഡയറി ആക്കുന്നു. സർഗ്ഗാത്മക ഡയറി എഴുതുന്നു . (1,2 ക്ളാസ്സുകൾ) | ആഗസ്റ്റ് മുതൽ മാർച്ച് വരെ | ഭാഷാ ക്ളബ് വിദ്യാരംഗം കലാ സാഹിത്യ വേദി | 2000 |
| 10. പാട്ടരങ്ങ് ഉപമേഖല ഭാഷാ സമൃദ്ധി | ഈണം , ഭാവം, താളം, ശബ്ദപ്രയോഗം തുടങ്ങിയ വൈവിദ്ധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക | എഴുത്തും കുത്തും രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ ലഘു പതിപ്പുകൾ തയാറാക്കൽ, കഥ,കവിത,രചനകൾക്കുള്ള വേദിയൊരുക്കൽ രചനാ ശിൽപ്പശാല<br><br>കുട്ടികൾ ആസ്വദിക്കുന്ന കുട്ടിപ്പാട്ടുകൾ,കവിതകൾ എന്നിവ കണ്ടെത്തി പഠിക്കുന്നു .<br>ശിൽപശാല നടത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | വിദ്യാ രംഗം കലാ സാഹിത്യ വേദി ക്ളാസ്സ് ടീച്ചർ | 4000 |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 11.അരങ്ങത്തേക്ക് ഉപമേഖല അവതരണശേഷി വികസനം | വേദികളിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ സഹായിക്കുക | കുട്ടികൾ സ്വായത്തമാക്കിയ പഠനലക്ഷ്യങ്ങൾ വ്യവഹാരരൂപങ്ങളെ ആസ്പദമാക്കി അവതരിപ്പിക്കുവാനും പ്രകടിപ്പിക്കുവാനുമുള്ള അരങ്ങ് ഒരുക്കുന്നു . | ആഗസ്റ്റ് മുതൽ മാർച്ച് വരെ | പി.റ്റി.എ ഭാഷാ ക്ളബ് | 5000 |

## ENGLISH

| Name of Actity | Aims | Activities | Duration | Charge | Economoc Sources |
|---|---|---|---|---|---|
| 1.English Assembly | To Read,Speak, and Write English very effectively | Once in a week controlled by students | Entire academic year | English Club | |
| 2.Reading Card Workship | To develop rading skills | Making English reading cards | July-August | English Club and Parents | 1000 |
| 3. English Diary | To write English language without any mistakes | To write the events in their daily life on a diary | Twice in a week (3,4 classes) August to March | Class Teacher | |
| 4.English corner | To improve their reading skills | To arrange a reading corner according to the levels of the children. Introduce the book which they read and their notes . | Twice in a week | Class Teacher | |
| 5.English Magazine | To improve creative development | To prepare a magazine including childrens creative writing . | Once in every three months | English club PTA | 1000 |

| Name of Actity | Aims | Activities | Duration | Charge | Economoc Sources |
|---|---|---|---|---|---|
| 6.English Manuskripts | Writing English in English Language | Write letters to their friends describing the special days of their school activities . | Once in a month | Class Teacher | |
| 7.Spoken English | To devolop speaking skills | Provides speaking activities in English. | June to March | English Teacher | |
| 8.English Theatre | To improve their English creativity through various discourses | To present the discourses of the lessons as skit,drama ,conversation,story telling etc.. | Once in a month | Class teacher | |
| 9.English fest | Prepare the children to read , write English very effectively . | Arrange reading competitions , writing competitions and presentation of their creative activities . poem recitations , action songs etc... | February - March | English club PTA | 4000 |
| | | | | | |

# അറബിക്ക്

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1.ലോക ഭാഷ അറബി ഭാഷ ഉപമേഖല: അടിസ്ഥാന ശേഷി വികസനം | അറബി ഭാഷയിൽ അടിസ്ഥാന ശേഷി നേടിയെടുക്കുക | പ്രൈമറി ക്ലാസ്സ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക. മുന്നറിവ് പരിശോധിക്കുക അക്ഷരങ്ങൾ ഉറപ്പിക്കൽ വാചകങ്ങൾ നിർമ്മിക്കൽ | നാല് മാസം | അറബിക് ടീച്ചർ | |
| 2. വായനാ ലോകം ഉപമേഖല വായന | കരിക്കുലം ലക്ഷ്യം വയ്ക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക | വായനാ മത്സരം എല്ലാ അറബിക്ക് പീരീഡുകളിലും ആദ്യ 5 മിനിറ്റ് കുട്ടികളെക്കൊണ്ട് വായിപ്പിക്കൽ, ക്ലാസ്സ് ലൈബ്രറി | ജൂൺ മുതൽ മാർച്ച് വരെ | ലൈബ്രേറിയൻ അ റ ബി ക്ക് ടീച്ചർ | |
| 3. പദച്ചങ്ങല ഉപമേഖല: ലേഖനം | വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം | ഒരക്ഷരം ഒരുപാട് പദങ്ങൾ പാഠഭാഗങ്ങൾ കേന്ദ്രീകരിച്ച് അക്ഷരമാല നിഘണ്ടു നിർമ്മാണം . | ജൂൺ മുതൽ മാർച്ച് വരെ | അറബിക് ടീച്ചർ, രക്ഷിതാക്കൾ | 1000 |
| 4.അറബി രചനോത്സവം ഉപമേഖല: ലേഖനം | എഴുത്തിലൂടെ ഭാഷാ ശേഷി വർദ്ധിപ്പിക്കുക | പതിപ്പുകളുടെ നിർമ്മാണം, വായനാ കാർഡ് നിർമ്മാണം , ഭാഷാ കളികൾ | ജൂൺ മുതൽ മാർച്ച് വരെ | അറബിക് ടീച്ചർ | 2000 |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 5.അറബി പറയാം | കുട്ടികൾ ഒഴുക്കോടെ അറബി പറയാൻ പ്രാപ്തരാകുക | ഐ.സി.റ്റി യുടെ സഹായത്താൽ നവ മാധ്യമങ്ങളിൽ നിന്നും അറബിക്ക് സംഭാഷണം , കഥകൾ എന്നിവ കുട്ടികളെ കേൾപ്പിക്കുന്നു .പരസ്പരം സംഭാഷണം നടത്തുന്നു .കഥകൾ പറയുന്നു . | ജൂൺ – മാർച്ച് | അറബിക് ടീച്ചർ രക്ഷിതാക്കൾ | |

# പരിസ്ഥിതി പഠനം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1.ജൈവ വൈവിധ്യ ഉദ്യാനം | നമ്മുടെ ചുറ്റുപാടുകളെക്കുറിച്ച് കുട്ടികൾ ബോധവാൻമാരാകുക | പ്രകൃതി നടത്തം സസ്യങ്ങളെ തരം തിരിക്കൽ കാലാവസ്ഥയും സാഹചര്യവുമനുസരിച്ച് പ്രകൃതിക്കുണ്ടാകുന്ന മാറ്റം കണ്ടെത്തൽ | ഓരോ ടേമിലും | അദ്ധ്യാപിക | |
| 2. ശുചിത്വമാണ് ആരോഗ്യം | വ്യക്തി ശുചിത്വവും പരിസര ശുചിത്വവും പാലിക്കേണ്ടതാണ് | ശുചിത്വ സർവ്വേ മാലിന്യങ്ങൾ തരം തിരിക്കൽ , മാലിന്യ നിർമ്മാർജ്ജനം | ജൂൺ മുതൽ മാർച്ച് വരെ | ഹെൽത്ത് ക്ളബ് രക്ഷിതാക്കൾ | 2000 |
| 3. ആഹാരവും ആരോഗ്യവും | പോഷകാഹാരങ്ങളുടെ അറിവും നല്ല ആരോഗ്യ ശീലങ്ങളും | ആരോഗ്യ ശീലങ്ങളെക്കുറിച്ച് ഡോക്ടറുടെ ക്ളാസ്സ് | സെപ്റ്റംബർ | ഹെൽത്ത് ക്ളബ് പി . എ ച്ച . സി ഏരൂർ | |
| 4.എന്റെ പരീക്ഷണം ഉപമേഖല: ശാസ്ത്ര അവബോധം വളർത്തൽ | ശാസ്ത്ര പഠന താൽപര്യ വളർത്തുക. ശാസ്ത്രാവബോധം വളർത്തുക മനശാസ്ത്രപരമായ ഉത്സാഹം വളർത്തുക | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങളിൽ ഏർപ്പെടൽ പരീക്ഷമ കുറിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ ശാസ്ത്ര ക്ളബ് | 1000 |

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 5.പരീക്ഷണ കിറ്റ് ഉപമേഖല: നിരീക്ഷണ പ്രവർത്തനങ്ങൾ | ശാസ്ത്ര പ്രക്രീയാ ശേഷികളുടെ വളർച്ചയ്ക്കി ണങ്ങും വിധം ഉള്ള പ്രവർത്തനങ്ങൾ ഒരുക്കുക.ശാസ്ത്ര പഠനത്തിൽ ആത്മവിശ്വാസം വളർത്തുക | 3,4 ക്ലാസ്സുകളിലെ മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പരീക്ഷണങ്ങൾ ക്കിണങ്ങും വിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണ കിറ്റ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ രക്ഷിതാക്കൾ | 3000 |
| 6. ഭൂപടമൊരുക്കാം | ഭൂപട വായന, ഭൂപട രചന സൂചിക പരിചയപ്പെടൽ | അദ്ധ്യാപകരുടെ നിർദ്ദേശങ്ങൾക്കൊപ്പം ഭൂപടം നിർമ്മിക്കുന്നു. (കേരളം –ഇന്ത്യ) | വർഷത്തിൽ 1 | ക്ലാസ്സ് ടീച്ചർ | |
| 7. ശാസ്ത്രോത്സവം ശാസ്ത്ര മേള | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പഠന ഉത്പന്നങ്ങളുടെ പ്രദർശനം ,പരീക്ഷണങ്ങൾ, ശാസ്ത്ര നേട്ടങ്ങൾ പ്രദർശനം | ഫെബ്രുവരി 28 | ശാസ്ത്ര ക്ലബ് കൺവീനർ എച്ച്.എം എസ്.ആർ.ജി പി.റ്റി.എ | |
| 8.ശാസ്ത്ര മൂല | ശാസ്ത്ര പഠനം ലളിതവും രസകരവു മാക്കാൻ | ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്സ് ടീച്ചർ | 1000 |

# ഗണിതം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1.ഗണിതകേളി | ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധ ഗണിത കളികൾ ആസൂത്രണം ചെയ്യൽ നടപ്പിലാക്കൽ | വർഷം മുഴുവൻ | എസ് ആർ ജി ക്ലാസ്സ് ടീച്ചർ | |
| 2. ഒറിഗാമിയിലൂടെ പഠിക്കാം | കരചലന ശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം പ്രദർശനം | വർഷത്തി ലൊരിക്കൽ | ക്ലാസ്സ് ടീച്ചർ പി.റ്റി.എ | 1000 |
| 3. ഗണിത ലാബ് | ഗണിതപഠനം സുതാര്യമാക്കൽ | ഗണിത ലാബ് ഉപയോഗപ്പെടുത്തി ഗണിത പഠനം ലഘൂകരിക്കുക | വർഷം മുഴുവൻ | എച്ച്.എം എസ്.ആർ.ജി ക്ലാസ്സ് ടീച്ചർ | |
| 4.ശിൽപശാല | പഠനോപകര ണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കാൻ | ഗണിത പഠനോപകരണ ശിൽപശാല പഠ്യാടഭാഗങ്ഹളുമായി ബന്ധപ്പെട്ട പഠനോപകരണ ങ്ങളുടെ നിർമ്മാണം പ്രദർശനം | ആവശ്യാ നുസരണം | എസ്.ആർ.ജി പി.റ്റി.എ | |
| 5.ഗണിതമേള | ഗണി തശേഷികളുടെ പ്രകടനം | പ്രശ്നോത്തരി പസിൽ പാറ്റേൺ പഠന ഉത്പന്നങ്ങളുടെ പ്രദർശനം | വർഷത്തിൽ ഒന്ന് | എസ്.ആർ.ജി ക്ലാസ്സ് ടീച്ചർ പി.റ്റി.എ | 2000 |

# വിവരസാങ്കേതിക വിദ്യ

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1.ഐ.റ്റി പരിശീലനം ഉപമേഖല: അദ്ധ്യാപക ശാക്തീകരണം | വിവര സാങ്കേതിക വിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട സാദ്ധ്യതകൾ ശേഖരിക്കൽ സമഗ്ര പ്രവർത്തനങ്ങളിൽ പങ്കാളികളാവാൻ | ജൂൺ മാർച്ച് | SITC | |
| 2. കമ്പ്യൂട്ടർ വിജ്ഞാനം | കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | ഐ.റ്റി പരിശീലനം പ്ലേ ബോക്സ് | ജൂലൈ മാർച്ച് | SITC | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. കായികാരോഗ്യം | ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരം | ഫിസിക്കൽ എക്സെർസൈസ് ,ഗെയിംസ് എന്നിവ പി.റ്റി പീരീഡിൽ നൽകൽ | ജൂൺ മാർച്ച് | ¢ nÊ vSö À | |
| 2. ഹെൽത്ത് ചെക്കപ്പ് | എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പുവരുത്തുക | എല്ലാ കുട്ടികൾക്കും ആരോഗ്യക്ഷമത ഉറപ്പുവരുത്തുവാനായി ആദ്യ ടേമിൽ തന്നെ ഹെൽത്ത് ചെക്കപ്പ് നടത്തുന്നു . | ജൂൺ സെപ്റ്റംബർ | PHC | |
| 3. കൗൺസിലിംഗ് | കുട്ടികളിലെ മാനസിക പിരിമുറുക്കം കുറയ്ക്കുക | എല്ലാ കുട്ടികളുടെയും മാനസിക സമ്മർദ്ദങ്ങൾ ലഘൂകരിച്ച് പഠന പുരോഗതി കൈവരിക്കുവാൻ കൗൺസിലറുടെ സേവനം | ജൂലൈ മാർച്ച് | കൗൺസിലർ | |
| 4..സൂംബാ | കുട്ടികളിൽ ഉന്മേഷം ഉണ്ടാക്കുക | കുട്ടികൾക്ക് ശാരീരിക ഉന്മേഷം ലഭിക്കുക വഴി ലഹരിപോലുള്ള മാനസ്സിക വിപത്തുകളെ ഒഴിവാക്കുവാൻ സാധിക്കുന്ന പ്രവർത്തനം | ആഴ്ച്ചയിൽ ഒന്ന് | സ്പോർട്ട്സ് ക്ലബ് | |
| 5.ബാറ്റ്മിന്റൻ,കരാട്ടേ ഫുട്ട്ബാൾ | മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യവും കൈവരിക്കുന്നത് പ്രാപ്തരാക്കുക | ബാറ്റ്മിന്റൻ,കരാട്ടേ ഫുട്ട്ബാൾഎന്നിവ പരിശീലനം നൽകൽ | ജൂൺ മാർച്ച് | | 1000 |

# കല , വിദ്യാഭ്യാസം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. സർഗ്ഗവേള | കലാഭിരുചി വളർത്തുക | ആഴ്ച്ചയിൽ ഒരുദിവസം എല്ലാ ക്ലാസിലും സർഗ്ഗവേദി നടത്തൽ | എല്ലാ ആഴ്ച്ചയിലും | SRG ക്ലാസ്സ് ടീച്ചർ | |
| 2. നൃത്ത പരിശീലനം | ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക | നൃത്തത്തിൽ താൽപര്യമുള്ള കുട്ടികൾക്ക് പരിശീലനം | ആഗസ്റ്റ് ഫെബ്രുവരി | SRG PTA | |
| 3. കലാമേളകൾ കലോത്സവം | കുട്ടികളുടെ സഗ്ഗാത്മക കഴിവുകൾ സമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുക | സ്കൂൾ കലോത്സവം സബ് ജില്ലാ കലോത്സവത്തിൽ പങ്കെടുക്കാൻ കഥകൾ,ആംഗ്യപ്പാട്ട് ,കടങ്കഥ,പ്രസംഗം, ചിത്രരചന , സംഘഗാനം,സംഘനൃത്തം , ആക്ഷൻ സോംഗ്,പദ്യപാരായണം തുടങ്ങിയവയിൽ പ്രത്യേക പരിശീലനം | വർഷത്തിൽ ഒന്ന് ജൂലൈ നവംബർ | കലോത്സവം കൺവീനർ SRG PTA | |

# പ്രവൃത്തി പരിചയം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. പ്രവൃത്തി പരിചയ ശിൽപശാല | നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | ഒറിഗാമി,കോകോനട്ട് ഷെൽ പ്രൊഡക്ട്സ് ,ചന്ദനത്തിരി നിർമ്മാണം,മെറ്റൽ എൻഗ്രാവിംഗ് തുടങ്ങിയവയിൽ പരിശീലനം | ആഗസ്റ്റ് ഒക്ടോബർ | പ്രവൃത്തി പ രി ച യ കൺവീനർ | 5000 |
| 2. നിർമ്മാണ പ്രവർത്തനം | പാഠഭാഗ ത്തിനാവശ്യമായ വസ്തുക്കൾ നിർമ്മിക്കൽ | മുഖംമൂടികൾ പഴം പച്ചക്കറി മാതൃകകൾ ഗണിതരൂപങ്ങൾ തുടങ്ങി പഠനസഹായികൾ നിർമ്മിക്കൽ | ജൂൺ മാർച്ച് | ക്ലാസ്സ് ടീച്ചർ രക്ഷിതാക്കൾ | |

# അക്കാദമിക് മോണിറ്ററിംഗ്

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. അദ്ധ്യാപക ശാക്തീകരണം സമഗ്ര പ്ലസ് | അദ്ധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ്സ്റൂം ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക എല്ലാ അദ്ധ്യാപകരും സി.എം സമഗ്ര പ്ലസിൽ സബ്മിറ്റ് ചെയ്യുക | ടീച്ചിംഗ് മാനുവൽ പോർട്ട് ഫോളിയോ മുതലായവ പരിശോധിക്കുക. അദ്ധ്യാപകരുടെ ക്ലാസ്സ്റൂം ഇടപെടൽ നിരീക്ഷിക്കുക ശ്രദ്ധയാകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക. | ജൂൺ മാർച്ച് | HM AEO BPC | |
| 2. പോർട്ട് ഫോളിയോ | ഓരോകുട്ടിയുടെയും പഠന പുരോഗതി രക്ഷിതാക്കളെ അറിയിക്കുക | പ്രതിമാസം ഓരോ കുട്ടിയുടെയും പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ സമാഹരിച്ച് പോർട്ട്ഫോളിയോ ആക്കുക.രക്ഷിതാക്കൾ പഠന പുരോഗതി വിലയിരുത്തൽ | മാസംതോറും | ക്ലാസ്സ്ടീച്ചർ | |

# പഠനോത്സവം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. സ്കൂൾതലം | ഒരു അധ്യായനവർഷം കുട്ടി സ്വായത്തമാക്കിയ അക്കാദമികവും അക്കാദമികേത രവുമായ ശേഷികൾ പ്രകടിപ്പിക്കൽ<br><br>ഓരോകുട്ടിയുടെയും പഠന പുരോഗതി | സ്വായത്തമാക്കിയ വ്യവഹാരരൂപങ്ങൾ സർഗ്ഗശേഷികൾ എന്നിവയെ രക്ഷിതാക്കളുടെ മുന്നിൽ അവതരിപ്പിക്കൽ | മാർച്ച് ഏപ്രിൽ | വിവിധ കൺവീനർമാർ SRG PTA | |
| 2. കുട്ടിച്ചന്ത | സമൂഹവുമായി ആശയ വിനിമയം നടത്തൽ വ്യത്യസ്ത ഉത്പന്നങ്ങൾ പരിചയപ്പെടൽ ക്രയവിക്രയം നടത്തൽ | കുട്ടികൾക്ക് തങ്ങൾക്ക് വിറ്റഴിക്കാൻ പറ്റുന്ന വസ്തുക്കൾ (കാർഷിക വിളകൾ ആഹാര സാധനങ്ങൾ) രക്ഷിതാക്കളുടെ പിന്തുണയോടെ കുട്ടിച്ചന്തയിൽ വിൽക്കുന്നു. | മാർച്ച് ഏപ്രിൽ | HM<br>PTA<br>SRG<br>SMC | |

# സ്കൂൾ സൗന്ദര്യവത്കരണം – പച്ചക്കറിത്തോട്ടം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. പൂന്തോട്ട നിർമ്മാണം | മാനസ്സികോല്ലാസവും ഇടവേളകൾ ഫലപ്രദമായി ഉപയോഗിക്കലും | വ്യത്യസ്ത ചെടികൾ സ്കൂൾ അങ്കണത്തിൽ വച്ച് പിടിപ്പിക്കൽ പരിപാലിക്കൽ (കുട്ടികളുടെ മേൽനോട്ടത്തിൽ) | ജൂൺ മാർച്ച് | ECO CLUB | |
| 2. പച്ചക്കറിത്തോട്ട നിർമ്മാണം | വിഷരഹിത പച്ചക്കറികൾ ഉപയോഗിക്കുക കുട്ടികളിൽ കൃഷിയോട് താൽപര്യം വളർത്തുക | കൃഷിക്ക് ആവശ്യമായ തൈകൾ ശേഖരിച്ച് ഗ്രോബാഗിൽ കുട്ടികളുടെ പിന്തുണയോടെ പരിപാലിക്കൽ | ജൂൺ മാർച്ച് | ECO CLUB കൃഷിഭവൻ | |

## സ്കൂൾ സുരക്ഷ

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. സ്കൂൾ സുരക്ഷാസമിതി | ഒരു കുട്ടി വീട്ടിൽ നിന്നിറങ്ങി സ്കൂളിൽ എത്തി തിരിച്ച് വീട്ടിൽ എത്തുന്നതുവരെയുള്ള സുരക്ഷ | ക്ലാസ്സ് മുറി , വിദ്യാലയ പരിസരം , കളിസ്ഥലം സഞ്ചരിക്കുന്ന വാഹനം എന്നിവിടങ്ങളിലെല്ലാം സുരക്ഷയൊരുക്കൽ | ജൂൺ മാർച്ച് | SRG PTA സ്കൂൾ സുരക്ഷാ കമ്മിറ്റി | |
| 2. അത്യാഹിതങ്ങളെ നേരിടാം | അപ്രതീക്ഷിതമായി ഉണ്ടാകുന്ന അപകടങ്ങളെ അതിജീവിക്കാനുള്ള മനോധൈര്യവും പ്രഥമശുശ്രൂഷകളും മനസ്സിലാക്കുന്നതിന് . | തീപിടുത്തം ,പൊള്ളൽ CPR മറ്റ് പ്രഥമ ശുശ്രൂഷകൾക്ക് പരിശീലനം നൽകൽ ബോധവൽകരണം | സെപ്റ്റംബർ | സ ് കൂ ൾ സുരക്ഷാ സമിതി Fire Force | |

## സാമൂഹികാവബോധം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. ഫീൽഡ് ട്രിപ്പ് പൊതു സ്ഥാപനങ്ങൾ | സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായകമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ് , പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ് എന്നിവിടങ്ങളിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ | ഓരോ മാസത്തിലും | ക്ലാസ്സ് ടീച്ചർ | |
| 2. അഭിമുഖം | ചർച്ചകൾ സംവാദങ്ങൾ അഭിമുഖങ്ങൾ ഇവയിലൂടെ സാമൂഹ്യ അറിവുകൾ നേടുന്നതിന് | പ്രാദേശികമായി ലഭ്യമായ ആളുകളുമായി അഭിമുഖമൊരുക്കൽ | മൂന്ന് മാസത്തിൽ ഒന്ന് | ക്ലാസ്സ് ടീച്ചർ | |

# ഉച്ചഭക്ഷണം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1. പോഷകാഹാരം | കുട്ടികൾക്ക് ആവശ്യമായ പോഷകങ്ങൾ ലഭ്യമായി ശരിയായ ആരോഗ്യത്തോടെ വളരുന്നതിന് | എല്ലാ പച്ചക്കറികളും പാൽ മുട്ട എന്നിവയും ഉൾപ്പെടുത്തി വ്യത്യസ്ഥങ്ങളായ കറികളും ചോറും കുട്ടികൾക്ക് ലഭ്യമാക്കുന്നു.<br>പാൽ<br>മുട്ട | ജൂൺ മുതൽ മാർച്ച് വരെ എല്ലാ ദിവസവും<br>അഴ്ച്ചയിൽ 2<br>ആഴ്ച്ചയിൽ 1 | ഉച്ച ഭക്ഷണ കമ്മിറ്റി | |
| 2. ചെറുമണി ധാന്യം | മില്ലറ്റുകളുടെ പോഷകങ്ങൾ കട്ടികളിൽ എത്തിക്കുന്നതിന് | റാഗി കുറുക്ക് കുട്ടികൾക്ക് ലഭ്യമാക്കുന്നു. | മാസത്തിൽ 2 തവണ | ഉച്ച ഭക്ഷണ കമ്മിറ്റി | |
| 3.ഇറച്ചിക്കറി | കുട്ടികൾക്ക് ആവശ്യമായ പ്രോട്ടീൻ ലഭിക്കുന്നതിന് . | ബിരിയാണിയും ചിക്കനും നൽകുന്നു. | മാസത്തിൽ 1 | ഉച്ച ഭക്ഷണ കമ്മിറ്റി | |

## പി.ടി.എ

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| പി ടി എ കമ്മിറ്റി | സ്കൂളിന്റെ സർവ്വതോന്മുഖമായ വികാസത്തിന് പിന്തുണ നൽകി പ്രവർത്തിക്കുക | പി ടി എ പൊതുയോഗം വിളിച്ച് മ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുക്കൽ | ഒരു കമ്മിറ്റി | | |
| പി ടി എ എക്സിക്യൂട്ടീവ് കമ്മിറ്റി | സ്കൂളിന്റെ ആവശ്യങ്ങൾക്ക് തൽസമയം കമ്മിറ്റി കൂടുന്നു. | എല്ലാ മാസവും എക്സിക്യൂട്ടീവ് കൂടി ബാഹ്യവും ആഭ്യന്തരവുമായ വിഷയങ്ങൾ വിലയിരുത്തുന്നു. | ജൂൺ മെയ് | SRG HM PTA | |
| ക്ളാസ്സ് പി ടി എ | കുട്ടികളുടെ പഠന പുരോഗതി കുട്ടികളുമായി പങ്കുവയ്ക്കൽ | മാസത്തിൽ ഒന്ന് എന്ന ക്രമത്തിൽ യൂണിറ്റ് ടെസ്റ്റുകൾ നടത്തി ക്ളാസ്സ് പി ടി എ വിളിക്കുന്നു . | എല്ലാ മാസവും ജൂൺ മാർച്ച് | SRG ക്ലാസ്സ് ടീച്ചർ | |

## സ്കൂൾ പ്രവർത്തന കലണ്ടർ

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| പ്രവർത്തന കലണ്ടർ | പ്രതിമാസം സ്കൂളിൽ നടത്തേണ്ട പ്രവർത്തനങ്ങൾ രേഖപ്പെടുത്തുക | ഓരോ മാസത്തിലും എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തണമെന്ന് SRG യിലും പി ടി എ എക്സിക്യൂട്ടീവിലും ചർച്ച ചെയ്ത് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് രേഖപ്പെടുത്തുന്നു. | മെയ് അവസാന വാരം | HM SRG PTA Executive | |

# TIME TABLE

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| സ്കൂൾ ടൈം ടേബിൾ | കൃത്യമായി പീരീഡുകൾ ആസൂത്രണം ചെയ്ത് സമയനിഷ്ഠയോടെ സ്കൂൾ പ്രവർത്തന സമയം ക്രമീകരിക്കുന്നതിന് | അക്കാദമിക വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ ഓരോ ക്ളാസ്സിലെയും പീരീഡുകൾക്കനുസരിച്ച് വിഷയങ്ങൾ ക്രമപ്പെടുത്തി ടൈം ടേബിൾ ക്രമീകരിക്കുന്നു . | മെയ് അവസാന ആഴ്ച്ച | SRG | |
| ടീച്ചേഴ്സ് ടൈം ടേബിൾ | അദ്ധ്യാപകർ കൃത്യമായി ആസൂത്രണം ചെയ്ത പ്രവർത്തനങ്ങൾ എല്ലാ കളാസ്സുകളിലും എത്തിക്കുന്നതിന് | കൃത്യമായ പീരീഡുകളിൽ ആതാത് വിഷയങ്ങൾ തന്നെ കുട്ടികളിൽ എത്തിക്കാൻ വേണ്ടപ്രവർത്തനങ്ങൾ ചെയ്യുന്നു . | ജൂൺ മാർച്ച്<br>മാസത്തിൽ 1 | അദ്ധ്യാപകർ<br>ഉച്ച ഭക്ഷണ കമ്മിറ്റി | |

# സ്കൂൾ ബസ്

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| സ്കൂൾ ബസ് | കുട്ടികളെ എല്ലാ സ്ഥലങ്ങളിൽ നിന്നും സുരക്ഷിതമായി കൊണ്ടുവരികയും തിരിച്ച് കൊണ്ടെത്തിക്കുകയും ചെയ്യുന്നു . | സ്കൂൾ പ്രവൃത്തി ദിനങ്ങളിൽരാവിലെയും വൈകിട്ടും കുട്ടികളെ കൊണ്ടുവരികയും കൊണ്ട് പോകുകയും ചെയ്യുന്നു . | ജൂൺ മാർച്ച് | PTA | യാത്രക്കാരായ കുട്ടികളിൽ നിന്ന് കിട്ടുന്ന തുക |

## വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| മാലിന്യ സംസ്കരണം | സ്കൂളും പരിസരവും വൃത്തിയായിരിക്കുക ശുചിത്വമുള്ള വിദ്യാലയം ആരോഗ്യമുള്ള വിദ്യാലയം | ജൈവ മാലിന്യങ്ങൾ പ്ളാസ്റ്റിക്ക് മാലിന്യങ്ങൾ എന്നിവ വേർതിരിച്ച് ശേഖരിക്കുന്നു.പ്ളാസ്റ്റിക്ക് മാലിന്യങ്ങൾ ഹരിതകർമ്മസേനയ്ക്ക് നൽകുന്നു . ജൈവ മാലിന്യങ്ങൾ ഒരു വ്യക്തിയും സംസ്കരിക്കാൻ എടുക്കുന്നു. | ജൂൺ മെയ് | ഗ്രാമപ്പ ഞ്ചായത്ത് PTA | 1200 |

## ദിനാചരണങ്ങൾ

| പ്രവർത്തനത്തിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ദിനാചരണം | ചരിത്ര സംഭവങ്ങളെ ആദരിക്കുന്നതിനും സാംസ്കാരിക ധാര പ്രോത്സാഹി പ്പിക്കുന്നതിനും നിർണായകവിഷയങ്ങ ളെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനും. | ഓരോ മാസത്തെയും പ്രധാന ദിനങ്ങൾ ക്ലബുകളുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ആചരിക്കുന്നു. | ജൂൺ മാർച്ച് | വി വി ധ ക്ളബുകൾ SMC PTA | 3000 |

# <u>ഉപസംഹാരം</u>

ആരോഗ്യവും സന്തോഷവുമുള്ള കുഞ്ഞുങ്ങലെയാണ് ഓരോ വിദ്യാലയവും പുറത്തുവിടേണ്ടത് . പഠനം എന്നാൽ പാഠപുസ്തകത്തിൽ ഉള്ളത് മാത്രം പഠിക്കുകയല്ല എന്നും , വ്യക്തിയുടെ സർവ്വതോന്മുഖമായ മേൻമയാണ് അത് ലക്ഷ്യം വയ്ക്കുന്നത് എന്നും എല്ലാ അധ്യാപകരും അറിഞ്ഞിരിക്കേണ്ടതുണ്ട് . പഠിക്കാത്ത കുട്ടി എന്നൊന്നില്ല , എന്നും അവന്റെ / അവളുടെ കഴിവ് മറ്റേതോ ഭാഗത്ത് പ്രവർത്തിക്കുന്നു എന്നും നാം അറിയണം എഴുത്ത് ,വായന, ഗണിതം എന്നിവയുടെ പ്രാഥമിക പാഠങ്ങൾ പഠിച്ചാവണം കുട്ടികൾ വിദ്യാലയം വിട്ടുപോകേണ്ടത് . എങ്കിൽ മാത്രമേ വിദ്യാലയം കുട്ടികൾക്കാവശ്യമുള്ള പ്രഥമവും പ്രധാനവുമായ കാര്യം നൽകി എന്ന് പറയാനാകൂ .

കേവലം ഭാഷയും ഗണിതവും പരിസര പഠനവും മാത്രമല്ല കുട്ടികളുടെ കലാ കായിക ഇടങ്ങളെയും സമഗ്രമായി പരിപോഷിപ്പിക്കാൻ വിദ്യാലയത്തിന് കഴിയണം . എങ്കിൽ മാത്രമേ സമഗ്ര ഗുണമേന്മ നൽകുന്ന സ്ഥാപനമായി അതിന് മാറാൻ കഴിയൂ . കുട്ടിയുടെ സർവതോൻമുഖമായ വികാസത്തിന് വേണ്ട കാര്യങ്ങൾ ചെയ്യാൻ കഴിയുന്നവരായി അധ്യാപകർ മാറണം അതിനാവശ്യമായ പരിശീലനമാണ് അധ്യാപകർക്ക്  ലഭിക്കേണ്ടത് .

സമൂഹത്തിൽ ശരിയായ വ്യക്തിയായി പ്രവർത്തിക്കുക എന്നത് വളരെ പ്രധാനമായ കാര്യമാണ് . മാലിന്യ മുക്തവും കായിക മാനസിക ആരോഗ്യമുള്ളവരുടേതായ നാട് ലോക രാജ്യങ്ങളുടെ മുമ്പിൽ തലയുയർത്തി നിൽക്കും . കോത്താരി കമ്മീഷൻ റിപ്പോർട്ടിലെ വാക്യം ഉദ്ധരിച്ചുകൊണ്ട് അവസാനിപ്പിക്കാം .

''ഒരു രാജ്യത്തിന്റെ ഭാവി രൂപപ്പെടുന്നത്

അവിടുത്തെ ക്ലാസ്സ് മുറികളിലാണ്.''

## നിർവ്വഹണ ചുമതല

| | | |
|---|---|---|
| അനിൽകുമാർ.എ | – | ഹെഡ്മാസ്റ്റർ |
| ആശ.ബി | – | സീനിയർ അസ്സിസ്റ്റന്റ് |
| രമാദേവി.ഡി | – | സ്റ്റാഫ് സെക്രട്ടറി |
| ജിസ്മി.എസ് | – | എസ് .ആർ.ജി കൺവീനർ |

അഭിലാഷ്.എസ്

പ്രീത.സി.ജി

ജ്യോതി.വി.എം

ഷാജിന.എസ്

അശ്വതി.റ്റി.എസ്+

സിമി.ആർ.എസ്

അഞ്ജു.എസ്.വി

ലീലാമ്മ അലക്സ്

സുമ.എസ്